**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

| | |
|---|---|
| **നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3380** | **08.11.2019-ൽ മറുപടിയ്ക്ക്** |

**അമൃത് പദ്ധതി**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ** | | **എ.സി.മൊയ്തീൻ**<br>**തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി** |
| (എ) | സംസ്ഥാനത്ത് കേന്ദ്ര സഹായത്തോടെ നടത്തുന്ന അമൃത് പദ്ധതി നിലവിൽ ഏതൊക്കെ കോർപ്പറേഷനിലും മുൻസിപ്പാലിറ്റിയിലുമാണ് നടപ്പിലാക്കുന്നതെന്ന് അറിയിക്കാമോ; | (എ) | തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ എന്നീ 6 മുനിസിപ്പൽ കോർപ്പറേഷനുകളിലും ആലപ്പുഴ, ഗുരുവായൂർ, പാലക്കാട് തുടങ്ങിയ 3 മുനിസിപ്പാലിറ്റികളിലുമാണ് അമൃത് പദ്ധതി നടപ്പിലാക്കി വരുന്നത്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ നിലവിലത്തെ അവസ്ഥ എന്താണെന്നും പദ്ധതിയുടെ കാലാവധി എന്നാണ് അവസാനിക്കുന്നതെന്നും വ്യക്തമാക്കുമോ; | (ബി) | 2015 സെപ്റ്റംബർ മുതൽ 2020 മാർച്ച് 30 വരെയാണ് പദ്ധതി കാലാവധി.<br>ശുദ്ധജല വിതരണം, സിവറേജ് ആന്റ് സെപ്റ്റേജ് മാനേജ്മെന്റ്, സ്റ്റോം വാട്ടർ ഡ്രെയിനേജ്, അർബൻ ട്രാൻസ്പോർട്ട് (നോൺ മോട്ടോറൈസ്ഡ് ട്രാൻസ്പോർട്ട്), പാർക്ക് ആന്റ് ഓപ്പൺ സ്പെയ്സ് എന്നീ അഞ്ച് മേഖലകളിലായാണ്(സെക്ടറുകൾ) പദ്ധതി നടപ്പിലാക്കുന്നത്. ആകെ 2357.66 കോടി രൂപയുടെ 1023 പദ്ധതികളാണുള്ളത്. അതിൽ 2248.35 കോടി രൂപയുടെ 1023 പദ്ധതികൾക്ക് ഭരണാനുമതി ലഭിച്ചു. 2127.75 കോടി രൂപയുടെ 1018 പദ്ധതികൾക്ക് സാങ്കേതികാനുമതി ലഭിച്ചു 2115.92 കോടി രൂപയുടെ 1017 പദ്ധതികൾ ടെന്റർ ചെയ്തു. 1609.23 കോടി രൂപയുടെ 951 പദ്ധതികൾ വർക്ക് അവാർഡ് ചെയ്തു. 298 പദ്ധതികളുടെ നിർവ്വഹണം പൂർത്തീകരിച്ചു. 577.71 കോടി രൂപ നാളിതുവരെ ചെലവഴിച്ചു. |
| (സി) | അമൃത് പദ്ധതി പ്രകാരം ജലവിതരണം, അഴുക്ക് ചാൽ നിർമ്മാണം തുടങ്ങിയ മേഖലകളിൽ നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾ പദ്ധതി കാലാവധി അവസാനിക്കുന്നതിന് മുമ്പ് പൂർത്തിയാക്കുവാൻ സാധിക്കുമോ; | (സി) & (ഡി) | ജല വിതരണവും, സെപ്റ്റേജ് ആന്റ് സിവറേജ് മാനേജ്മെന്റും സെക്ടറുകളിലെ പദ്ധതികളൊഴിച്ച് ബാക്കിയെല്ലാ പദ്ധതികളും 2020 മാർച്ച് 31 ന് മുൻപ് പൂർത്തീകരിക്കാൻ സാധിക്കും. ഇക്കാര്യം കേന്ദ്രത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) | ഇല്ലെങ്കിൽ ഇക്കാര്യത്തിനായി സമയം ദീർഘിപ്പിച്ച് നൽകണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ? | | |

സെക്ഷൻ ഓഫീസർ